മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 183

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

ഇപ്പോഴത്തെ സഭാ പ്രതിനിധി മണ്ഡലത്തിന്റെ കാലാവധി 2014 മാർച്ച് 31–ാം തീയതി അവസാനിക്കുകയാണല്ലോ. അതിനാൽ സഭാ ഭരണഘടന 77-ാം വകുപ്പ് പ്രകാരം മണ്ഡലത്തിൽ പ്രാതിനിധ്യാവകാശമുള്ള എല്ലാ ഇടവകകളിലും, അംഗീകൃത സ്ഥാപനങ്ങളിലും 2014 മാർച്ച് 31-ാം തീയതിക്ക് മുമ്പായി പുതിയ മണ്ഡലം പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നാം ഇതിനാൽ ആജ്ഞാപിക്കുന്നു. 2014 ജനുവരി 15–ന് മുമ്പായി വോട്ടേഴ്സ് ലിസ്റ്റ് നടപടി പൂർത്തിയാക്കി ഇടവകയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

തെരഞ്ഞെടുപ്പ് പൂർത്തിയായാൽ, വികാരിമാർ എത്രയും വേഗം തെരഞ്ഞെടുപ്പ് റിപ്പോർട്ട് ഇതോടൊപ്പം വച്ചിരിക്കുന്ന ഫാറം ബി(5) പൂരിപ്പിച്ച് സഭാ സെക്രട്ടറിയുടെ പേർക്ക് അയച്ചു കൊടുക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ അംഗങ്ങളെ അയയ്ക്കാവുന്ന ഇടവകകൾ ഓരോ അംഗത്തിനും പ്രത്യേകം ഫാറം ബി(5) ഉപയോഗിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്നവർ ഭരണഘടന 148, 124 എന്നീ വകുപ്പുകളിൽ പറയുന്ന പ്രകാരം ഒപ്പിടുന്ന സത്യപ്രതിജ്ഞ തെരഞ്ഞെടുപ്പ് റിപ്പോർട്ടോടുകൂടി വികാരിമാർ എത്രയും വേഗം സഭാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. അപ്രകാരം സത്യപ്രതിജ്ഞ ഒപ്പിട്ട് അയച്ചിരിക്കുന്ന മണ്ഡലാംഗം 2014 ഏപ്രിൽ 1 മുതൽ കൈസ്ഥാന സമിതിയിലും അംഗമായിരിക്കും. നിലവിലുള്ള മണ്ഡലാംഗത്തിന്റെ കൈസ്ഥാന സമിതി അംഗത്വം 2014 മാർച്ച് 31-ന് അവസാനിക്കുന്നതായിരിക്കും.

ഒന്നിൽ കൂടുതൽ പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ അർഹതയുള്ള ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽ ഒരാളെങ്കിലും സ്ത്രീ ആയിരിക്കണം.

77–A ക്രമീകരണത്തിന്, വിധേയമായ ഇടവകകളുടെ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലുള്ള ലിസ്റ്റും, ഈ വരുന്ന തെരഞ്ഞെടുപ്പിൽ സ്ത്രീ സംവരണം നടപ്പിലാകുന്ന ഇടവകകളുടെ ലിസ്റ്റും, ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലയിൽ ക്രമീകരിച്ച് മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ ഭദ്രാസനാദ്ധ്യക്ഷന്റെ കല്പന മുഖാന്തിരം അറിയിക്കുന്നതാണ്.

കക്ഷിമത്സരങ്ങളും, അഭിപ്രായ ഭിന്നതകളും, വ്യക്തി സ്വഭാവഹത്യാ പ്രവണതയും കൂടാതെ സഭയുടെ പുരോഗതിക്കും, ദൈവനാമ മഹത്വത്തിനും മുഖാന്തിരമാകത്തക്കവിധം, പ്രതിനിധി മണ്ഡല തെരഞ്ഞെടുപ്പ് പ്രാർത്ഥനാപൂർവ്വം നടത്തണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു. ദൈവഭക്തി, സഭാ സ്നേഹം, കാര്യപ്രാപ്തി, ഉത്തമ ക്രിസ്തീയ സാക്ഷ്യം എന്നീ സദ്ഗുണങ്ങളുള്ളവരും മണ്ഡലയോഗത്തിൽ ആദ്യവസാനം ക്രമമായി പങ്കെടുക്കുവാൻ സന്നദ്ധതയുള്ളവരുമായ പ്രതിനിധികളെ മാത്രം തെരഞ്ഞെടുക്കുന്നതിന് ഇടവകക്കാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പരസ്യമായും രഹസ്യമായും മദ്യപിക്കുന്നവരും മയക്ക്മരുന്നു ഉപയോഗിക്കുന്നവരും മണ്ഡലാംഗങ്ങളായി തെരഞ്ഞെടുക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഗുണദോഷിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്നു തിരുവല്ലാ പൂലാത്തീനിൽ നിന്നും 2013 ഡിസംബർ മാസം 10–ാം തീയതി,

ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ